പതിനാലാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 5700 24.05.2017 — ൽ മറുപടിക്ക്

# ഭക്ഷ്യ ഭദ്രത നിയമം

**ചോദ്യം**

ശ്രീ. വി. അബ്ദുറഹിമാൻ :

(എ) ഭക്ഷ്യ ഭദ്രത നിയമം നടപ്പിലാക്കുന്നതിന്റെ ഭാഗമായി കേരളത്തിന് അർഹമായ ഭക്ഷ്യധാന്യം ഇപ്പോൾ ലഭിക്കുന്നുണ്ടോ;

(ബി) ഭക്ഷ്യ ഭദ്രത നിയമം നടപ്പിലാക്കുന്നതിന്റെ ഫലമായി സംസ്ഥാനത്തിന് ഗുണകരമായ എന്തെങ്കിലും നേട്ടം പുതുതായി ലഭിക്കുമോ;

(സി) ഭക്ഷ്യ ഭദ്രത നിയമം നടപ്പിലാക്കുന്ന പ്രവർത്തനങ്ങൾ തൃപ്തികരമാണെന്ന് വിലയിരുത്തിയിട്ടുണ്ടോ; വിശദവിവരങ്ങൾ ലഭ്യമാക്കുമോ;

(ഡി) റേഷൻകടകളുടെ കമ്പ്യൂട്ടറൈസേഷൻ ഉൾപ്പെടെയുള്ള ആധുനികവൽക്കരണ പ്രവർത്തന പുരോഗതിയുടെ നിലവിലെ സ്ഥിതി ലഭ്യമാക്കുമോ;

**ഉത്തരം**

ശ്രീ. പി. തിലോത്തമൻ
(ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി)

(എ) യും (ബി) യും (സി) യും (ഡി) യും (ഇ) യും

പ്രതിവർഷം 14.25 ലക്ഷം മെ.ടൺ ഭക്ഷ്യ ധാന്യങ്ങളാണ് സംസ്ഥാനത്തിന് നിശ്ചയിച്ചിട്ടുള്ളത്. ആയതിന് ആനുപാതികമായ മാസവിഹിതം ഇപ്പോൾ ലഭിക്കുന്നുണ്ട്. ഭക്ഷ്യ ഭദ്രതാ നിയമം നടപ്പിൽ വരുന്നതിന് മുമ്പ് 1478944 ബി.പി.എൽ കാർഡുകളും 582365 എ.എ.വൈ. കാർഡുകളും ഉൾപ്പെടെ 2061309 പേരാണ് സംസ്ഥാനത്ത് മുൻഗണനാ വിഭാഗത്തിൽ ഉണ്ടായിരുന്നത്. ഇത് മൊത്തം റേഷൻ കാർഡിന്റെ 24.77% മാത്രമായിരുന്നു. എ.എ.വൈ. വിഭാഗത്തിലെ 595800 കാർഡുകൾ ഉൾപ്പെടെ 3502509 കാർഡുകൾ മുൻഗണനാ വിഭാഗത്തിൽ ഉൾപ്പെടുന്നുണ്ട്. ഇത് മൊത്തം റേഷൻ കാർഡിന്റെ 43.68 ശതമാനമാണ്. 18.91 ശതമാനം വർദ്ധനവുണ്ടായിട്ടുണ്ട്. കൂടാതെ ഭക്ഷ്യ ഭദ്രതാ നിയമം നടപ്പിൽ വരുന്നതിന് മുമ്പ് ബി.പി.എൽ വിഭാഗങ്ങൾക്കുള്ള ഭക്ഷ്യധാന്യ വിഹിതം അരി കിലോഗ്രാമിന് 5.65 രൂപയും ഗോതമ്പ് കിലോഗ്രാമിന് 4.15 രൂപയുമാണ് ലഭിച്ചുകൊണ്ടിരുന്നത്. എന്നാൽ ഭക്ഷ്യ ഭദ്രതാ നിയമപ്രകാരം മുൻഗണനാ വിഭാഗങ്ങൾക്കുള്ള അരി കി.ഗ്രാമിന് 3/- രൂപയും ഗോതമ്പ് കിലോഗ്രാമിന് 2/- രൂപയും ലഭിക്കും.

റേഷൻ കടകളിൽ സ്ഥാപിക്കുന്നതിനുള്ള ഇ-പോസ് (ഇലക്ട്രോണിക് പോയിന്റ് ഓഫ് സെയിൽ) മെഷീനുകൾ വാങ്ങുന്നതിനായി ടെണ്ടറുകൾ ക്ഷണിച്ചുകൊണ്ട് 23.02.2017 ന് **RFP (Request for Proposal)** പബ്ലിഷ് ചെയ്യുകയുണ്ടായി. ഇപ്പോൾ ലഭ്യമായ ടെണ്ടറുകളുടെ ഇവാല്യുവേഷൻ പ്രക്രിയ നടന്നു വരികയാണ്. ഈ മാസത്തോടെ ടെണ്ടർ നടപടികൾ പൂർത്തിയാകുമെന്ന് പ്രതീക്ഷിക്കുന്നു. എൻഡ് ടു എൻഡ് കമ്പ്യൂട്ടറൈസേഷൻ പ്രോജക്റ്റിന്റെ സിസ്റ്റം ഇന്റഗ്രേറ്റർ ആയി സർക്കാർ നിയമിച്ച സപ്ലൈകോയാണ് ടെണ്ടർ നടപടികൾ കൈക്കൊള്ളുന്നത്. റേഷൻ കടകളിൽ സ്റ്റോക്ക് നേരിട്ടെത്തിക്കുന്നതിനുള്ള വാതിൽപ്പടി

| | |
|---|---|
| (ഇ) കേന്ദ്രനയം മൂലം ഉണ്ടായ റേഷൻ പ്രതിസന്ധി പരിഹരിക്കുന്നതിന് സ്വീകരിച്ച നടപടികൾ എന്തൊക്കെ യാണ്; വിശദാംശങ്ങൾ നൽകുമോ? | വിതരണ സംവിധാനം പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. ദേശീയ ഭക്ഷ്യ ഭദ്രതാ നിയമം, 2013 നടപ്പിലാക്കുന്ന പ്രവർത്തനങ്ങൾ തൃപ്തികരമായി പുരോഗമിച്ചു വരുന്നു.<br>ദേശീയ ഭക്ഷ്യ ഭദ്രതാ നിയമം, 2013 സംസ്ഥാനത്ത് പൂർണ്ണതോതിൽ നടപ്പാക്കുമ്പോൾ റേഷൻ കടകൾ വഴിയുള്ള റേഷൻ വിതരണം ഇ-പോസ് മെഷീൻ വഴി ആധാർ അധിഷ്ഠിത കാർഡുകളിലൂടെയും ബയോമെട്രിക് രീതിയിലുള്ള തിരിച്ചറിയൽ മുഖേനയും യഥാർത്ഥ ഗുണഭോക്താക്കളെ കണ്ടെത്തുന്നതിനാൽ റേഷൻ വിതരണത്തിൽ ക്രമക്കേടുകൾ നടത്തുവാൻ സാധിക്കുന്നതല്ല. കൂടാതെ റേഷൻ ഡിപ്പോകളിൽ സ്റ്റോക്ക് എത്തിച്ചേരുമ്പോഴും കാർഡ് ഉടമയുടെ പേരിൽ ബില്ല് ചെയ്യുമ്പോഴും എസ്.എം.എസ്. സംവിധാനം മുഖേന കാർഡുടമക്ക് അറിയിപ്പ് നൽകുന്നത് വഴി റേഷൻ സാധനങ്ങളുടെ ദുരുപയോഗം തടയാൻ സാധിക്കുന്നതാണ്.<br><br>ഭക്ഷ്യ ഭദ്രത നിയമപ്രകാരം സംസ്ഥാനത്തിന് പ്രതിവർഷം ലഭ്യമായിക്കൊണ്ടിരിക്കുന്ന ഭക്ഷ്യ ധാന്യങ്ങളുടെ അളവ്, അഡ്ഹോക്ക് വിഹിതമുൾപ്പെടെ സംസ്ഥാനത്തിന് കഴിഞ്ഞ സാമ്പത്തിക വർഷങ്ങളിൽ ലഭിച്ചുകൊണ്ടിരുന്ന ഭക്ഷ്യധാന്യങ്ങളുടെ അളവിനേക്കാൾ കുറവായതിനാൽ, ഭക്ഷ്യ ഭദ്രത നിയമ പ്രകാരം സംസ്ഥാനത്തിന് ലഭ്യമാകുന്ന ഭക്ഷ്യ ധാന്യത്തിന്റെ അളവ് പുനർ നിർണ്ണയിക്കുന്നതിനും സംസ്ഥാനത്തെ മുഴുവൻ ആളുകൾക്കും റേഷൻ നൽകുന്നതിനാവശ്യമായ ഭക്ഷ്യധാന്യം നൽകുന്നതിന് നടപടി സ്വീകരിക്കണമെന്നും കേന്ദ്ര സർക്കാരിനോട് ആവശ്യപ്പെടുകയും വകുപ്പുമന്ത്രി തലത്തിലും ബഹു. മുഖ്യമന്ത്രി തലത്തിലും കേന്ദ്ര സർക്കാരുമായി ടി വിഷയത്തിൽ നേരിട്ട് കൂടിക്കാഴ്ചകൾ നടത്തുകയും ചെയ്തിട്ടുണ്ട്. പൊതുമാനദണ്ഡമനുസരിച്ചാണ് അധിക വിഹിതം തീരുമാനിച്ചിട്ടുള്ളത് എന്നതിനാൽ കേരളത്തിന് മാത്രമായി ഇക്കാര്യത്തിൽ മാറ്റം വരുത്താൻ കഴിയില്ലായെന്ന് കേന്ദ്രം അറിയിച്ചു. എന്നാൽ **OMSS/** ഇക്കണോമിക് നിരക്കുകളിൽ കൂടുതൽ ഭക്ഷ്യധാന്യം ലഭ്യമാക്കി വിതരണം നടത്തുന്നുണ്ട് |

*സെക്ഷൻ ഓഫീസർ*